# ഗർഭശ്രീമാനായ വിവാദ പുരുഷൻ

**പ്രൊഫ: നെയ്യാറ്റിൻകര മോഹനചന്ദ്രൻ**

ശ്രീ സ്വാതിതിരുനാൾ മഹാരാജാവിന്റെ ജനനത്തീയതിയെക്കുറിച്ചും അദ്ദേഹത്തിന്റെ വാഗ്ഗേയകത്വത്തെക്കുറിച്ചും ഉണ്ടായ വിവാദങ്ങളിലേയ്ക്ക് ഒരെത്തിനോട്ടം വഴി വിവാദത്തിനാധാരമായ കാരണങ്ങളെ സോദാഹരണം ഖണ്ഡിക്കുകയാണ് ഈ ലേഖനത്തിൽ.

പ്രതിഭാധനനും, രാജാക്കന്മാരിലെ സംഗീതജ്ഞനും, സംഗീതജ്ഞന്മാരിലെ രാജാവുമായിരുന്ന ശ്രീ സ്വാതിതിരുനാൾ കൊല്ലവർഷം 1004 മുതൽ (AD.1829) 1022 വരെ 18 വർഷക്കാലം തിരുവിതാംകൂർ ഭരിച്ചിരുന്നു എന്ന ചരിത്ര സത്വത്തെപ്പോലും നിഷേധിച്ചുകൊണ്ട് തമിഴ്നാട്ടിലെ ഒരു പ്രമുഖ വാരികയായകുമുദത്തിൽ 1982-ൽ വന്ന ഒരു ലേഖനമാണ് ഈ വിവാദത്തിന് തിരികൊളുത്തിയത്. തിരികൊളുത്തിയ ദേഹം മൺമറഞ്ഞുവെങ്കിലും വിവാദത്തിന്റെ ജ്വാല ഇനിയും പൂർണ്ണമായി കെട്ടടങ്ങിയിട്ടില്ല.

ഇനി വിവാദങ്ങൾ എന്തൊക്കെയാണെന്ന് ഓരോന്നായി പരിശോധിക്കാം.

### 1. സ്വാതിതിരുനാളിന്റെ നക്ഷത്രം സ്വാതിയല്ല.

1916-ൽ ശ്രീ. ചിദംബര വാദ്യാർ സമാഹരിച്ച് പ്രസിദ്ധീകരിച്ച, സ്വാതിതിരുനാൾ മഹാരാജാവിന്റെ കൃതികളുടെ മുഖവുരയിൽ സ്വാതിതിരുനാൾ ജനിച്ച മലയാള വർഷം കൊല്ലവർഷം 988 മേടം എന്നതിന് പകരം ഇടവം എന്ന് തെറ്റായി അച്ചടിച്ചിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് വർഷം 1813 ഏപ്രിൽ 16 എന്ന് ശരിയായി കൊടുത്തിട്ടുമുണ്ട്. അബദ്ധത്തിൽ സംഭവിച്ചുപോയ അച്ചടിപ്പിശകിനെ മുറുകെ പിടിച്ചുകൊണ്ട് 988 ഇടവം 5-ലെ നക്ഷത്രം അനിഴമാണെന്നും അതുകൊണ്ട് സ്വാതിതിരുനാൾ അനിഴംതിരുനാളോ മറ്റേതോ തിരുനാളോ - ആണെന്നും ബാലചന്ദർ ബാലിശമായി വാദിച്ചു. എന്നാൽ ഫോട്ടോസ്റ്റാറ്റ് കോപ്പിയായി, അദ്ദേഹം അയച്ച 1813-ാ മാണ്ടത്തെ ജ്യോതിഷ പഞ്ചാംഗം അദ്ദേഹത്തിന്റെ വാദഗതിക്ക് എതിരായി നില്ക്കുന്നു. 1813 ഏപ്രിൽ മാസം 16-ാം തീയതി മേടമാസവും സ്വാതിതിരുനക്ഷത്രവുമാണ്. കേരളത്തിലെ പ്രധാന ആഘോഷമായ വിഷു മേടം ഒന്നാം തീയതിയാണ്. അതായത് മിക്കവാറും ഏപ്രിൽ 14-ാം തീയതിയായിരിക്കും ഏപ്രിൽ മാസത്തിൽ ഒരിക്കലും ഇടവം വരികയില്ല. മേടമാസം പകുതിയാവുമ്പോഴേയ്ക്കും ഏപ്രിൽ അവസാനിക്കുന്നു. സ്വാതിതിരുനാളിന്റെ ജനനത്തീയതി 1813 ഏപ്രിൽ 16 എന്ന് ശരിയായി എഴുതുകയും ബ്രാക്കറ്റിൽ കൊല്ലവർഷം 988 ഇടവം 5 എന്ന് തെറ്റായി എഴുതുകയും ചെയ്ത ചിദംബര വാദ്യാരുടെ നോട്ടപ്പിശകാണ്. അപവാദങ്ങൾക്ക് കാരണഭൂതനായ വീണവിദ്വാനെ വഴിതെറ്റിച്ചത്. വീണിടം വിദ്വാന് ഭൂഷണം എന്നപ്പോലെയായി വീണ്ടും മറ്റൊരു പ്രസിദ്ധീകരണത്തിൽ സ്വാതിതിരുനാളിന്റെ ജനനത്തീയതി 26-4-1813 എന്ന് കൊടുത്തിരിക്കുന്നതായും ബാലചന്ദർ പറഞ്ഞു. അപ്പോൾ അതനുസരിച്ച് സ്വാതിതിരുനാളിന്റെ നക്ഷത്രം ചതയമാണ്. ചരിത്രപുരുഷനായ സ്വാതിതിരുനാൾ മഹാരാജാവിന്റെ പേരിനോടൊപ്പം 27 നക്ഷത്രങ്ങളുടെ പേര് ചേർത്ത് എന്തും പറയാൻ അന്യദേശക്കാരായ അസൂയാലുക്കൾക്ക് അവകാശമുണ്ടായിരിക്കാം. എന്നാൽ ആധികാരികമായ തെളിവുകൾ അനുസരിച്ച്, കുലശേഖരപെരുമാൾ എന്നും ദക്ഷിണ ഭോജൻ എന്നും അറിയപ്പെട്ടിരുന്ന സ്വാതിതിരുനാൾ ജനിച്ചത് 1813 ഏപ്രിൽ 16 (988- മേടം) ന് തന്നെയാണ്. വളരെക്കാലങ്ങൾക്ക് ശേഷം വഞ്ചിരാജവംശത്തിൽ ഒരു പുരുഷപ്രജ (സ്വാതിതിരുനാൾ) ജനിച്ച വാർത്ത അറിഞ്ഞപ്പോൾ അന്നത്തെ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഒരു വെള്ളിക്കുട നടക്ക് വച്ചതായി വി.നാഗമയ്യ എഴുതിയ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ കാണുന്നു (Vol. 1 1906 പേജ് 482). കേണൽ മൺറോ എന്നൊരാൾ ജീവിച്ചിരുന്നിട്ടില്ല എന്ന് ആരെങ്കിലും വാദിക്കുമോ ആവോ. കാരണം സ്വാതിതിരുനാൾ എന്നൊരാൾ ജീവിച്ചിരുന്നിട്ടില്ല എന്ന് വരുത്തിത്തീർക്കുകയാണല്ലോ രാജവിരോധികളുടെ ലക്ഷ്യം.

സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, ജീ. പരമേശ്വരൻ പിള്ള, കേസരി ബാലകൃഷ്ണപിള്ള തുടങ്ങിയ മഹാരഥന്മാരുടെ ആദരവിന് പാത്രമായ വിശാഖം തിരുനാളിന്, സ്വാതിതിരുനാളിനെക്കുറിച്ചുള്ള ആധികാരികമായ അറിവ് അമൂല്യമാണ്. സ്വാതിതിരുനാളിന്റെ സംഭാവനകളെക്കുറിച്ച് വിശാഖം തിരുനാൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആധികാരികവും അസന്നിഗ്ദ്ധവുമായ തെളിവ്. മലയാളികളുടെ മനസ്സിൽ മുലപ്പാൽ സ്മരണയോടൊപ്പം തത്തിക്കളിക്കുന്നതാരാട്ടാണ് ഓമനത്തിങ്കൾക്കിടാവോ എന്നഗാനം. സ്വാതിതിരുനാൾ ശിശുവായിരുന്നപ്പോൾ താരാട്ടി ഉറക്കാൻ ഇരയിമ്മൻതമ്പി രചിച്ച ആ ഗാനം 1914 - ൽ എ. എച്ച്. ഫോക്സ് സ്ട്രോങ് വോയ്സ് എന്ന പണ്ഡിതൻ പ്രസിദ്ധീകരിച്ച മ്യൂസിക്ക് ഓഫ് ഹിന്ദുസ്ഥാൻ എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (മ്യൂസിക്ക് ഓഫ് ഹിന്ദുസ്ഥാൻ, പേജ് 63 ഓക്സ്ഫോർഡ് പ്രസിദ്ധീകരണം). താരാട്ട് പാട്ട് എഴുതിയ അതേ കൈകൾ തന്നെ സ്വാതിതിരുനാളിന്റെ ചരമശ്ലോകവും എഴുതേണ്ടിവന്നത് നിർഭാഗ്യകരമാണ് 1847 - 48 (1023) - ാം മാണ്ടത്തെ പഞ്ചാംഗത്തിൽ ഈ ശ്ലോകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ പേരിനോടൊപ്പം ചേർത്തുകാണുന്ന തിരുനാൾ സംജ്ഞയെകൂടി നിഷേധിക്കുന്ന തരത്തിലുള്ള വാദഗതികളാണ് അടുത്തത്. 1887 - ൽ പൂനയിൽ ഗായന സമാജ് പ്രസിദ്ധീകരിച്ച ഒരു ജേർണലിൽ ഒരു തിരുവിതാംകൂർ മഹാരാജാവ് സമാജം സന്ദർശിച്ചതായി രേഖയുണ്ടത്രേ. എന്നാൽ ആ മഹാരാജാവിന്റെ പേരിനോടൊപ്പം നക്ഷത്രമോ തിരുനാളോ കാണുന്നുമില്ലത്രേ. തിരുവിതാംകൂർ ദേശത്തിന്റെ ദേശഭാഷയിൽ പൊതുവേ മഹാരാജാക്കന്മാരെ അവരുടെ ജന്മനക്ഷത്ര സംജ്ഞകൊണ്ടാണ് പരാമർശിക്കുന്നത് (ഉദാ: അനിഴം തിരുനാൾ, ആയില്യം തിരനാൾ, വിശാഖം തിരുനാൾ) എന്നാൽ ഇംഗ്ലീഷ് രേഖകളിലോ ചരിത്ര ഗ്രന്ഥങ്ങളിലോ അങ്ങനെ ആയിക്കൊള്ള ണമെന്നില്ല രാജാക്കന്മാരുടെ യഥാർത്ഥ നാമധേയങ്ങളും ജീവിതകാലവുമാണ് അവയിൽ കൊടുത്തിട്ടുള്ളത്. തിരുവിതാംകൂർ രാജാക്കന്മാർ പൊതുവേ കലോപാസകരും കലാകാരന്മാരുമായിരുന്നു. സംഗീത പാരമ്പര്യമുള്ള ആ രാജകുടുംബത്തിന്റെ പാരമ്പര്യം ഇന്നും തുടർന്ന് പോരുന്നു. സ്വാതിതിരുനാൾ എന്ന അത്യുജ്ജ്വല നക്ഷത്രത്തിന്റെ അസ്തമനത്തിന് ശേഷവും.

   വിവാദത്തിന് തിരികൊളുത്തിയ വീണ വിദ്വാൻ സ്വാതിതിരുനാളിനെ ചരിത്രത്തിൽ നിന്നും തുടച്ച് മാറ്റുവാനാണ് ശ്രമിച്ചത്. ചരിത്രസത്യം സത്യമല്ലാതാകുന്നതെങ്ങനെ? അതുകൊണ്ട് തിരുവിതാംകൂർ രാജാക്കന്മാരും രാജപരമ്പരയിൽപെട്ടവരും പൊതുജനമദ്ധ്യത്തിൽ തിരുനാൾ സംജ്ഞയിലൂടെ അന്നും അറിയപ്പെടുന്നു.

3. കൽപിച്ചുണ്ടാക്കിയ എന്ന പ്രയോഗമാണ് പിന്നീട് ദുർവ്യാഖ്യാനം ചെയ്യപ്പെട്ടത്. കല്പിച്ച് = കട്ടളെയിട്ട്. ഉത്തരവിടപ്പെട്ട് എന്നൊക്കെ ആ പ്രയോഗത്തിന് അർത്ഥം നൽകി. മഹാരാജാവെന്ന നിലയിൽ സ്വാതിതിരുനാൾ കല്പിച്ചപ്പോൾ അദ്ദേഹത്തിന്റെ സദസ്സിലെ സംഗീത വിദ്വാൻമാർ ഉണ്ടാക്കിക്കൊണ്ടുവന്നതാണത്രേ സ്വാതിതിരുനാൾ കൃതികൾ. തമിഴ് - മലയാളഭാഷയിലെ പദപ്രയോഗങ്ങളെക്കുറിച്ച് പ്രാഥമിക ജ്ഞാനം പോലുമില്ലാത്ത ഒരു കൂട്ടരുടെ ജല്പനങ്ങളായി മാത്രം ഇതിനെ കണക്കാക്കിയാൽ മതി. തിരുവിതാംകൂർ - കൊച്ചി - കോഴിക്കോട്ട് രാജവംശങ്ങളിൽ ജനിച്ച തമ്പുരാക്കന്മാർ രചിച്ച കൃതികളെ പ്രസാധകന്മാർ ആദരവോടെ കല്പിച്ചുണ്ടാക്കിയ കൃതികൾ എന്നു പറഞ്ഞതാണ് പ്രകാശിപ്പിച്ചിരുന്നത് രാജാവിന് മാത്രമേ കല്പിക്കാൻ അധികാരമുള്ളൂ. രാജാവിന്റെ വംശപരമ്പരയിൽ പെട്ടവർ കല്പിക്കാറില്ല.

   തൃപ്പൂണിത്തുറ കോവിലകത്ത് വലിയക്കോയിതമ്പുരാൻ രചിച്ച സൗഭദ്രസ്തവം കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാന്റെ പാണ്ഡവോദയം കാവ്യം കൊച്ചി എട്ടാംകൂറ് കൊച്ചുണ്ണി തമ്പൂരാന്റെ വിഷവൈദ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രയോഗസമുച്ചയം എന്നീ കൃതികളുടെ മുഖപേജുകളിൽ തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കിയ എന്നപ്രയോഗം കാണാം. എഴുത്തുകാരായ തമ്പുരാക്കന്മാരുടെ പഴയ കൃതികളുടെ ഒന്നാംപതിപ്പുകളിൽ നിന്നും കൂടുതൽ തെളിവുകൾ ലഭ്യമാണ്. മേൽപ്രസ്താവിച്ച തമ്പുരാക്കന്മാർ ആരും രാജ്യം

ഭരിച്ചിട്ടുള്ളവരല്ല. അതുകാരണം അവർ കല്പനകൊടുത്ത് എഴുതിച്ചവയുമല്ല പ്രസ്തുത കൃതികൾ. ഇതാണ് ചരിത്ര സത്യമെന്നിരിക്കെ കല്പിച്ചുണ്ടാക്കിയ എന്നപദപ്രയോഗ ത്തിലൂടെ സ്വാതി തിരുനാൾ കൃതികളുടെ കർത്തൃത്വം നിരസിക്കാൻ കുറേപ്പേർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതു കാണുമ്പോൾ അഞ്ജനമെന്നാൽ എനിക്കറിയാം മഞ്ഞളുപ്പോലെ വെളുത്തിരിക്കും എന്ന നാടൻ മൊഴിയാണ് ഓർമ്മ വരുന്നത്.

4. ഗായനസമാജത്തിന്റെ പ്രസിദ്ധീകരണത്തിൽ മുൻപ് ജീവിച്ചിരുന്ന സംഗീതജ്ഞന്മാരുടെ ഒരു പട്ടിക കൊടുത്തിട്ടുള്ളതിൽ തിരുവിതാംകൂർ. കൊട്ടാരത്തിലെ സംഗീതജ്ഞന്മാരുടെ പേരുകളോടൊപ്പം സ്വാതിതിരുനാളിന്റെ പേർ കാണുന്നില്ലത്രേ. അതേ സമയം മേരുസ്വാമി, പരമേശ്വര ഭാഗവതർ എന്നീ പേരുകൾപോലും കാണുന്നുമുണ്ട്. വെറും ഒരു പട്ടികയിൽ സ്വാതിതിരുനാളിന്റെ പേര് കാണാത്തതുകൊണ്ട് അങ്ങനെ ഒരാൾ ജീവിച്ചിരുന്നിട്ടില്ല എന്ന് വാദിക്കുന്ന പണ്ഡിതന്മാരെന്ന് സ്വയം അഭിമാനിക്കുന്ന ഇക്കൂട്ടർ മൂഢസ്വർഗ്ഗത്തിലാണ് ജീവിക്കുന്നത്.

5. സ്വാതിതിരുനാൾ വെറും 34 വയസ്സുവരെ മാത്രമേ ജീവിച്ചിരുന്നുള്ളൂ. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയധികം വൈവിദ്ധ്യമാർന്ന കൃതികൾ എങ്ങനെ രചിച്ചു? എന്നാണ് അത്ഭുതം നിറഞ്ഞ അടുത്ത ചോദ്യം. സംഗീത സിദ്ധിയും സംഗീത സൃഷ്ടിയും ദൈവീകമായി ലഭിക്കുന്ന സിദ്ധിവിശേഷമാണ്. ആറാമത്തെവയസ്സിൽ അന്തരിച്ച ക്ലിന്റ് എന്ന കുട്ടിയുടെ ചിത്രരചനാ വൈഭവംലോകത്തെ അത്ഭുതപ്പെടുത്തുമ്പോൾ 34-മത്തെ വയസ്സിൽ നാടുനീങ്ങിയ സ്വാതിതിരുനാൾ മഹാരാജാവിന്റെ സർഗ്ഗസിദ്ധിയെക്കുറിച്ചുള്ള സംശയ പ്രകടനങ്ങൾ അസ്ഥാനത്താണ്. വിശ്വപ്രതിഭകളായ എത്രയോ കാലകാരന്മാർ അകാലത്തിൽ അന്തരിച്ചു പോയിട്ടുണ്ട്.

6. കുറച്ചു വർഷങ്ങൾക്കു മുൻപ് തഞ്ചാവൂർ നാൽവർ എന്നറിയപ്പെട്ടിരുന്ന പൊന്നയ്യ, ചിന്നയ്യ, ശിവാനന്ദം, വടിവേലു എന്നീ സംഗീത - നാട്യ വിശാരദന്മാരുടെ പരമ്പരയിൽപ്പെട്ട ചിലർ, സ്വാതിതിരുനാൾ മഹാരാജാവിന്റേത് എന്നവകാശപ്പെട്ട് രണ്ട് തമിഴ് വർണ്ണങ്ങൾ മദ്രാസ് മ്യൂസിക് അക്കാഡമിയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇന്നേവരെ തമിഴിൽ രചിക്കപ്പെട്ട ഒരു കൃതിപോലും സ്വാതിതിരുനാളിന്റേതായി കണ്ടുകിട്ടിയിട്ടില്ല. പല ഭാഷകളിലും പാരംഗതനായിരുന്ന സ്വാതിതിരുനാൾ, മലയാളഭാഷയോട് അടുത്ത ബന്ധമുള്ള തമിഴ് ഭാഷയിൽ കൃതികൾ രചിച്ചിട്ടില്ലേ എന്ന് വിശ്വസിക്കാനുമാവുന്നില്ല. ഭാഷയെ സംബന്ധിച്ചാണെങ്കിൽ സംസ്കൃതം മലയാളം, തെലുങ്ക് കന്നഡം, ഹിന്ദുസ്ഥാനി എന്നിവയിൽ അനേകം കൃതികൾ സ്വാതിതിരുനാൾ രചിച്ചതായി ശ്രീ വിശാഖം തിരുനാൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ തമിഴ് കൃതികൾ ഉള്ളതായി പറയുന്നില്ല. കാരണം എന്തായാലും തമിഴിൽ ഉള്ള ഒരു കൃതിപോലും നമുക്ക് ലഭിച്ചിട്ടില്ല. വർണ്ണങ്ങൾ, തെലുങ്ക്, സംസ്കൃതം, മലയാളം എന്നീ ഭാഷകളിലാണ് രചിച്ചിട്ടുള്ളത്. സ്വാതിതിരുനാളിന്റേതല്ലാത്ത കുറേ കൃതികൾ സ്വാതിതിരുനാളിന്റേതാണ് എന്ന് വിശ്വസിപ്പിക്കാൻ (ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ മാതാവ് അമ്മ മഹാറാണിയെ) തഞ്ചാവൂർ നാൽവരുടെ പിൻഗാമികളായ ചിലർ ശ്രമിക്കുകയും അതിൽ പരാജയപ്പെടുകയുമുണ്ടായി. സ്വാതിതിരുനാൾ കൃതികളെ തിരിച്ചറിയാനുള്ള പാണ്ഡിത്യം ആ മഹതിക്ക് ഉണ്ടായിരുന്നു.

7. സ്വാതിതിരുനാളിന്റെ കൃതികളുടെ വർണ്ണമെട്ടിന് മറ്റു വാഗ്ഗേയകാരന്മാരുടെ കൃതികളുടെ വർണ്ണമെട്ടുമായി സാമ്യം കാണുന്നു എന്നതാണ് മറ്റൊരാക്ഷേപം. സ്വാതിതിരുനാളിന്റെ സാഹിത്യത്തിന് സമാനമായി വേറേ സാഹിത്യം. തഞ്ചാവൂർ നാൽവർ നിർമിക്കുകയും അതേ വർണ്ണമെട്ട് അവരുടെ കൃതികൾക്ക് നൽകുകയും ചെയ്തു. എന്നതാണ് സത്യം. ഉദാ: മഹാരാജാവിന്റെ ഖമാസ് രാഗത്തിലുള്ള സാവാമാരുഷ എന്ന വർണ്ണത്തിന്റെ തനിപ്പകർപ്പാണ് സാമിരമ്മനവേ എന്ന തെലുങ്ക് സാഹിത്യം.

നാടോടിപ്പാട്ടുകൾക്ക് പ്രചാരമുണ്ടായിരുന്ന കാലത്ത് പല ഭാഷകളിലുള്ള നാടോടിപ്പാട്ടുകൾ ഒരേ രാഗത്തിലും വർണ്ണമെട്ടിലും പാടിയിരുന്നു. ദേശാടനം നടത്തി പോന്നിരുന്ന നാടോടികളായ പഴയ ഗായകർ ഭാഷയിൽ മാത്രം വ്യത്യാസം വരുത്തി ഗാനങ്ങൾ

പാടിയിരുന്നു. നല്ലത് സ്വീകരിക്കുക എന്ന തത്വം പണ്ട് ഉണ്ടായിരുന്നു. വിദ്വാന്മാർക്ക് സ്പർദ്ധയോ കാലുഷ്യമോ നിലവിലുണ്ടായിരുന്നില്ല. സ്വാതിതിരുനാളിന് സംഗീതത്തിൽ മാർഗ്ഗദർശനം ലഭിച്ചത് മാർഗ്ഗദർശി ശേഷയ്യങ്കാരിൽ നിന്നുമായിരുന്നു. ത്യാഗരാജസ്വാമികൾക്ക് മാർഗ്ഗദർശി ആയിരുന്നു ഭദ്രാചലം രാമദാസ്. ഭദ്രാചലം രാമദാസിന്റെ പന്തുവരാളി രാഗത്തിലും രൂപകതാളത്തിലുമുള്ള എന്നഗാനുരാമഭജനാ എന്ന കൃതിയുടെ അതേ വർണ്ണമെട്ടിൽ തന്നെയാണ് ത്യാഗരാജസ്വാമികളുടെ നിന്നേനേരനമ്മിനന്നുറാ എന്ന കൃതി ഇവർ തമ്മിൽ കോപ്പി അടിച്ചു എന്ന് വിവാദം പരത്തുന്ന ഇക്കൂട്ടർ പറയുമോ ത്ധവോ. മാർഗ്ഗദർശി ശേഷയ്യങ്കാർ ധന്വാശി രാഗത്തിൽ രചിച്ച ശ്രീരംഗ ശായിനം സകല ശുഭദായിനം ചിന്തയേഹം സദാ ഹൃദയേ എന്നകൃതിയുടെ അതേശൈലിയിൽ തന്നെയാണ് ഇന്ന് കുന്തളവരാളിരാഗത്തിൽ പാടുന്ന സ്വാതിതിരുനാളിന്റെ ഭോഗീന്ദ്രായിനം എന്ന കൃതിയുടെ പല്ലവിയുടെ വർണ്ണമെട്ടും, ത്യാഗരാജസ്വാമികളുടെ അതേരാഗത്തിലും താളത്തിലുമുള്ള മനസുസ്വാധീനമൈ എന്ന കൃതിയുടെ പല്ലവിയുടെ വർണ്ണമെട്ടും ഒന്ന് തന്നെയാണ് മറ്റു വാഗേയകാരന്മാരുടെ കൃതികളുമായി സ്വാതിതിരുനാൾ കൃതികൾക്ക് സാദൃശ്യം കാണു ന്നുവെങ്കിൽ അത് സംഗീതമാകുന്ന സമുദ്രത്തിലെ തിരമാലകളുടെ പരസ്പരബന്ധം മാത്രമാണ്. ഭദ്രാചല രാമദാസിന് ശേഷം ജീവിച്ചിരുന്ന ത്യാഗരാജ സ്വാമികളുടെ ചില കൃതികൾക്ക് രാമദാസിന്റെ കൃതികളോട് സാമ്യം കാണുന്നു എന്നത് ത്യാഗരാജ സ്വാമികളുടെ മഹത്വത്തിന് കളങ്കമാകുന്നില്ല. ഇതെല്ലാം അറിയാവുന്ന ഒരു കൂട്ടർ സ്വാതിതിരുനാളിനെ മാത്രം തിരഞ്ഞു പിടിച്ച് അവഹേളിക്കാൻ ശ്രമിക്കുന്നതിന്റെ ദുരുദ്ദേശം മനസ്സിലാവുന്നില്ല.

8. മറ്റൊരാക്ഷേപം, മദ്രാസ് മ്യൂസിക് അക്കാഡമി ഹാളിൽ സംഗീത ത്രുമൂർത്തികളുടെ ചിത്രങ്ങളോടൊപ്പം സ്വാതിതിരുനാളിന്റെ ചിത്രവും വച്ചിട്ടുണ്ട്. എന്നതാണ് തിരുവിതാംകൂർ രാജകുടുംബമോ, കേരള സർക്കാരോ മറ്റു ഏതെങ്കിലും കലാ-സാംസ്കാരിക സംഘടനകളോ ആവശ്യപ്പെട്ടിട്ടല്ല സ്വാതിതിരുനാളിന്റെ ചിത്രം മറ്റു ചിത്രങ്ങളോടൊപ്പം അവിടെവച്ചത്. മഹാരഥന്മാരെ മനസ്സിലാക്കാൻ മദ്രാസ് മ്യൂസിക് അക്കാഡമിയുടെ നല്ലവരായ ഭാരവാഹികൾക്ക് കഴിഞ്ഞു എന്നതിന്റെ തെളിവാണത്.

വിവാദകുതുകികളായ വിമർശകരുടെ ഈ തെരഞ്ഞുപിടിച്ചുള്ള അവഹേളനം കാണുമ്പോൾ "ക്ഷീരമാർന്നൊരകിടിൽ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം " എന്ന വരികൾ ആണ് ഓർമ്മയിൽ വരുന്നത്. എന്നായാലും മഹത്വം കണ്ടറിയാൻ മഹത്തുക്കൾക്ക് മാത്രമേ കഴിയൂ.